(ബി) ഉണ്ടെങ്കിൽ ഈ നടപടി പുനപരിശോധിക്കാൻ ഗവൺമെൻറ് വല്ല നിർദ്ദേശവും ബോർഡിനു നൽകിയിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ എന്നു മുതൽ എന്ന് വ്യക്തമാക്കാമോ?

ധനകാര്യവും നിയമവും വകുപ്പു മന്ത്രി (ശ്രീ. കെ.എം. മാണി):

(എ) ഇലക്ട്രിസിറ്റി ബോർഡിലെ സ്റ്റോർ സംവിധാനത്തിൻറെ സമഗ്രമായ പുനഃസംഘടനയുടെ ഭാഗമായി അധികം വന്ന 59 സ്റ്റോർ കീപ്പറൻമാരുടേയും 51 അസിസ്റ്റൻറ് സ്റ്റോർ കീപ്പർമാരുടേയും തസ്തികകൾ നിറുത്തലാക്കിക്കൊണ്ട് 22-4-1985-ൽ ബോർഡ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതു കാരണം ആരേയും തരം താഴ്ത്തുകയോ പിരിച്ചുവിടുകയോ ചെയ്തിട്ടില്ല.

(ബി, സി) ബോർഡുത്തരവു നടപ്പിലാക്കുമ്പോൾ അതിൻറെ ഫലമായി ആരേയും തരം താഴ്ത്തരുതെന്ന് 17-8-1985-ൽ നിർദ്ദേശം നികിയിട്ടുണ്ട്.

അക്കാനി വിൽപ്പന നടത്തുന്നതിന് പെർമിറ്റ്

* 171 [217] ശ്രീ. കാനം രാജേന്ദ്രൻ:

ശ്രീ കെ.പി. പ്രഭാകരൻ:

ശ്രീ കെ.ഇ. ഇസ്മയിൽ:

ശ്രീമതി മാർഗ്ഗരറ്റ് തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തെക്കൻ കേരളത്തിൽ പനയിൽ നിന്നുൽപ്പാദിപ്പിക്കുന്ന 'അക്കാനി' എന്ന പാനീയം വിൽപ്പന നടത്തുന്നതിന് പെർമിറ്റ് ആവശ്യമുണ്ടോ;

(ബി) പനകയറ്റ വ്യവസായ സഹകരണ സംഘം അതിന് അപേക്ഷിക്കുകയുണ്ടായോ;

(സി) എങ്കിൽ ഗവൺമെൻറ് അനുവാദം നിഷേധിക്കുകയുണ്ടായിട്ടുണ്ടോ?

എക്സൈസ് വകുപ്പു മന്ത്രി (ശ്രീ. എൻ. ശ്രീനിവാസൻ):

(എ) ഉണ്ട്.

(ബി) ഇല്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

തീരുമാനമാകാതെ കിടക്കുന്ന കേസ്സുകൾ

* 172 [218] ശ്രീ. വി.ജെ. തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരുമാനമാകാതെ കിടക്കുന്നത് എത്ര കേസ്സുകൾ സംസ്ഥാനത്തെ വിവിധ കോടതികളിൽ ഇപ്പോൾ ഉണ്ട്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) തീരുമാനമാകാതെ കിടക്കുന്ന കേസ്സുകളിൽ എത്രയും വേഗം തീരുമാനമെടുക്കാൻ നടപടി സ്വീകരിക്കുമോ;

(സി) ഇതിനായി അഡീഷണൽ ജില്ലാ കോടതികൾ സ്ഥാപിക്കണമെന്ന നിയമസഭാകമ്മറ്റിയുടെ ശുപാർശ സർക്കാർ സ്വീകരിച്ചിട്ടുണ്ടോ?

ആഭ്യന്തര വകുപ്പു മന്ത്രി (ശ്രീ. വയലാർ രവി):

(എ) നടപ്പു സാമ്പത്തിക വർഷാരംഭത്തിൽ ഹൈക്കോടതി ഉൾപ്പെടെ വിവിധ കോടതികളിലായി ഒരു ലക്ഷത്തി അറുപത്തിമൂവായിരത്തി അറുന്നൂറ്റി ഇരുപത്തിയേഴ് (1,63,627) കേസ്സുകൾ ഉണ്ടായിരുന്നു. ഇപ്പോഴത്തെ കണക്ക് എത്രയെന്നുള്ള വിവരം ശേഖരിച്ചു വരുന്നു.

(ബി) ഹൈക്കോടതി ഇതു സംബന്ധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നുണ്ട്.

(സി) ഇതു സംബന്ധിച്ച നിയമസഭാ കമ്മിറ്റിയുടെ ശുപാർശ പരിഗണനയിലുണ്ട്.

സർക്കാർ സ്കൂളുകൾക്ക് കെട്ടിടം പണിയുന്നതിനുള്ള മുൻഗണനാ ലിസ്റ്റ്

* 173 [219] ശ്രീ. കെ. പുരുഷോത്തമൻ: താഴെക്കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സർക്കാർ സ്കൂളുകൾക്കു കെട്ടിടം പണിയുന്നതിന് മുൻഗണനാക്രമത്തിൽ ലിസ്റ്റു തയ്യാറാക്കിയിട്ടുണ്ടോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ടി.എം. ജേക്കബ്):

ഉണ്ട്.

ചാക്ക ഗവൺമെന്റ് എഞ്ചിനീയറിംഗ് വർക്ക് ഷോപ്പ്

* 174 [220] ശ്രീ. കെ.ടി. കുമാരൻ:

ശ്രീ കെ.വി. സുരേന്ദ്രനാഥ്:

ശ്രീ കാനം രാജേന്ദ്രൻ:

ഡോ: എ. സുബ്ബറാവു:

ശ്രീ. കെ. ഇ. ഇസ്മയിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉപ മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാക്ക ഗവൺമെന്റ് എഞ്ചിനീയറിംഗ് വർക്ക്ഷോപ്പ് നിറുത്തലാക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) അവിടത്തെ തൊഴിലാളികളെ സംബന്ധിച്ച് എന്ത് നടപടികളാണ് സ്വീകരിക്കുവാനുദ്ദേശിക്കുന്നത്?

ഉപ മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ):

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly